(2) ആംഗ്ലോ ഇന്ത്യൻ സമുദായം നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ. ജോൺ ഫെർണാണ്ടസ് : സർ, കേരളത്തിലെ ന്യൂനപക്ഷമായ ആംഗ്ലോ ഇന്ത്യൻ സമുദായം നേരിടുന്ന ചില വിഷയങ്ങളിലേക്ക് ഗവൺമെന്റിന്റെ ശ്രദ്ധക്ഷണിക്കാനാണ്ദ്ദേശിക്കുന്നത്. അതിന് പരിഹാരമുണ്ടാക്കിത്തരണമെന്നാണ് ആദ്യമായി അഭ്യർത്ഥിക്കാനുള്ളത്. കേരളത്തിലെ ആംഗ്ലോ ഇന്ത്യൻ സമുദായം നേരിടുന്ന ഒരു പ്രധാനപ്പെട്ട വിഷയം അവരുടെ വിദ്യാഭ്യാസരംഗത്തെ പിന്നോക്കാവസ്ഥയാണ്. പഠിക്കാനുള്ള അവസരമില്ലെന്നുള്ളത് തന്നെയാണ് അവരുടെ പ്രധാനപ്പെട്ട വിഷയം. കേരളത്തിലെ ആംഗ്ലോ ഇന്ത്യൻ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ കോഴ്സുകളിൽ ഒരു സീറ്റ് സംവരണം ചെയ്യപ്പെട്ടിരുന്നു. ജനസംഖ്യാനുപാതികമായി സീറ്റ് സംവരണത്തിന് അർഹതയില്ലെന്നുള്ളതുകൊണ്ട് ഓരോ സീറ്റ് എം.ബി.ബി.എസ്., എഞ്ചിനീയറിംഗ് തുടങ്ങിയിട്ടുള്ള പ്രൊഫഷണൽ കോഴ്സുകൾക്ക് സംവരണം ചെയ്തിരുന്നു. ഇത് അപര്യാപതമാണ്. ഒരുലക്ഷത്തിലേറെ അംഗസംഖ്യയുള്ള ആംഗ്ലോ ഇന്ത്യൻ സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ കോഴ്സുകൾക്ക് കൂടുതലായി പഠിക്കാൻ അവസരം കിട്ടുന്നതിനുവേണ്ടി നിലവിലുള്ള സീറ്റുകൾ 1 എന്നുള്ളത് 2 ആക്കി വർദ്ധിപ്പിക്കണം. അതാണ് ഒരു ആവശ്യം. അതോടൊപ്പം കഴിഞ്ഞ വർഷം ഗവൺമെന്റ് ഒരു ഉത്തരവിറക്കിയിട്ടുണ്ടായിരുന്നു. 19.3.1998-ലെ സർക്കാർ ഉത്തരവ് എം.എസ്. 64/98 എച്ച് ആന്റ് എഫ്.ഡബ്ലു.ഡി. വഴി ആംഗ്ലോ ഇന്ത്യൻ സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നീക്കിവച്ചിട്ടുള്ള എം.ബി.ബി.എസ്. -ന്റെ സീറ്റ് യഹൂദ സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുകൂടി ഒന്നിടവിട്ട വർഷങ്ങളിൽ കൊടുക്കണമെന്നുള്ള ഒരു ഉത്തരവ് ഉണ്ടായിരുന്നു. ഹൈക്കോടതി ഇറക്കിയ ഉത്തരവു പ്രകാരം യഹൂദ സമുദായത്തിൽപ്പെട്ട ആൾ അപേക്ഷകനായിട്ടുണ്ടെങ്കിൽ അവർക്ക് ഒന്നിടവിട്ട വർഷങ്ങളിൽ എം.ബി.ബി.എസിന് സീറ്റ് കൊടുക്കണമെന്നുള്ള ഒരു ഉത്തരവുണ്ടായിരുന്നു. അത് ആംഗ്ലോ ഇന്ത്യൻ സമുദായത്തിന് കൊടുക്കണമെന്ന് കോടതി പറഞ്ഞിട്ടില്ല. പക്ഷേ ഗവൺമെന്റ് എളുപ്പമായി കണ്ടത് ഒന്നിടവിട്ട വർഷങ്ങളിൽ യഹൂദ സമുദായത്തിനും ആംഗ്ലോ ഇന്ത്യൻ സമുദായത്തിനും കൊടുക്കണമെന്നുള്ളതാണ്. യഹൂദ സമുദായത്തിന് കൊടുക്കുന്നതിൽ ആർക്കും എതിർപ്പില്ല. പക്ഷേ കേരളത്തിലാകെ 92-ഓളം വരുന്ന യഹൂദ സമുദായങ്ങളെയും ഒരു ലക്ഷത്തി ഇരുപതിനായിരം വരുന്ന ആംഗ്ലോ ഇന്ത്യൻ സമുദായത്തേയും ഒരുപോലെ കണ്ടിട്ട് ആംഗ്ലോ ഇന്ത്യൻ സമുദായത്തിനും അർഹതപ്പെട്ടത് എടുത്ത് യഹൂദ സമുദായത്തിന് കൊടുക്കുന്നതിനെ നീതീകരിക്കാൻ കഴിയുകയില്ല. അതുകൊണ്ട് ആ ഗവൺമെന്റ് ഉത്തരവ് തിരുത്തി എം.ബി.ബി.എസ്-ന് ഇപ്പോഴുള്ള ഒരു സീറ്റ് രണ്ടായി വർദ്ധിപ്പിക്കുന്നതോടൊപ്പം ഒന്നിടവിട്ട വർഷങ്ങളിൽ പങ്കുവയ്ക്കണമെന്നുള്ള തെറ്റായ ഉത്തരവ് തിരുത്തണമെന്നാണ് അതുസംബന്ധിച്ച് പറയാനുള്ളത്. 1998-99-ലെ ബഡ്ജറ്റ് പ്രസംഗത്തിന്റെ മറുപടി പ്രസംഗത്തിൽ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി കേരളത്തിലെ ആംഗ്ലോ ഇന്ത്യൻ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യമെന്നുള്ള നിലയ്ക്ക് ലംപ്സം ഗ്രാന്റ് അടക്കമുള്ള ചില ആനുകൂല്യങ്ങൾ പ്രഖ്യാപിച്ചിരുന്നു. സർ, എന്നാൽ കഴിഞ്ഞ ഒരു വർഷമായി അത് പ്രവൃത്തി പഥത്തിൽ കൊണ്ടുവന്നിട്ടില്ല. സാമ്പത്തികമായി ഏറെ ദുരിതമനുഭവിക്കുന്നവരാണ് ഈ സമുദായത്തിലെ 30% -ലേറെ ആളുകൾ. പലരും ഹൈസ്കൂൾ വിദ്യാഭ്യാസം പോലും പൂർത്തീകരിക്കാതെ കൊഴിഞ്ഞുപോകുന്ന സ്ഥിതിയുണ്ട്. ഇതൊഴിവാക്കാനും

LIBRARY ARCHIVES Kerala Legislative Assembly

ഈ വിഭാഗത്തെ വിദ്യാഭ്യാസപരമായി ഉന്നതിയിലേക്ക് കൊണ്ടുവരുന്നതിനു വേണ്ടി വിദ്യാഭ്യാസാനുകൂല്യം എന്ന നിലയ്ക്ക് അവർക്ക് ലംപ്സംഗ്രാന്റ് അനുവദിച്ചുകൊടുക്കുവാൻ ഗവൺമെന്റ് തയ്യാറാകണമെന്നാണ് എനിക്ക് പറയാനുള്ളത്. ആംഗ്ലോ ഇന്ത്യൻ സ്കൂളുകൾ എന്ന പേരിൽ നിരവധി സ്കൂളുകൾ കേരളത്തിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും ആംഗ്ലോ ഇന്ത്യൻ സമുദായത്തിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന 11 സ്കൂളുകളാണുള്ളത്. അതിലൊരു സ്കൂൾ ഹൈസ്കൂളും രണ്ടു സ്കൂൾ യു.പി. സ്കൂളുകളും ബാക്കിയുള്ളത് എൽ.പി. സ്കൂളുകളുമാണ്. ഗവൺമെന്റ് ഈ അടുത്ത ദിവസം കാസർഗോഡ് ജില്ലയിലെ പട്ടികവർഗ്ഗവിഭാഗത്തിനുവേണ്ടി ഒരു ഹൈസ്കൂൾ പ്രഖ്യാപിച്ചതുപോലെ ഈ സമുദായത്തിന്റെ പ്രത്യേക പിന്നോക്കാവസ്ഥ പരിഗണിച്ച് ആംഗ്ലോ ഇന്ത്യൻ സമുദായത്തിന്റെ എഡ്യൂക്കേഷൻ ബോർഡ് നടത്തുന്ന ഹൈസ്കൂളുകളിൽ ഒന്നിൽ പ്ലസ് ടു കോഴ്സുകൾ അനുവദിക്കുകയും അതോടൊപ്പം രണ്ടു യു.പി. സ്കൂളുകൾ ഹൈസ്കൂളുകളാക്കി ഉയർത്തുകയും നാല് എൽ.പി. സ്കൂളുകൾ യു.പി. സ്കൂളുകളാക്കി ഉയർത്തുകയും ചെയ്തുകൊണ്ട് ഈ സമുദായത്തിന് വിദ്യാഭ്യാസരംഗത്ത് മുന്നേറാനുള്ള അവസരം ഒരുക്കണമെന്നാണ് എനിക്ക് അതുമായി ബന്ധപ്പെട്ട് പറയുവാനുള്ളത്. സാമ്പത്തികമായും തൊഴിൽപരമായും ഏറെ പിന്നോക്കം നിൽക്കുന്നവരിൽ നല്ലൊരു പങ്ക് ആളുകൾക്കും സ്വന്തമായി വീടോ, അല്ലെങ്കിൽ ഭൂമിയോ ഇല്ല. ഇവരെ പുനഃരധിവസിപ്പിക്കുന്നതിനുവേണ്ടി, വളരെ ദാരിദ്ര്യമനുഭവിക്കുന്ന ആംഗ്ലോ ഇന്ത്യൻ സമുദായത്തിൽപ്പെട്ട ആളുകൾക്ക് ഗവൺമെന്റ് പുനരധിവാസത്തിനുവേണ്ടി സൗജന്യമായി ഭൂമി നൽകി അവരെ സഹായിക്കണമെന്നാണ് അതിനെ സംബന്ധിച്ച് എനിക്ക് പറയുവാനുള്ളത്. അതുപോലെതന്നെ ഇന്ന് തൊഴിലിനെ സംബന്ധിച്ച് വേണ്ടത്ര സംരക്ഷണമില്ല എന്നുള്ള ഒരു പ്രത്യേകതയുണ്ട്. ലാറ്റിൻ ക്രിസ്ത്യനുമായി കൂടി യോജിപ്പിച്ചുകൊണ്ടാണ് സംവരണത്തിന്റെ ലിസ്റ്റ് വരുന്നത്. ഫലത്തിൽ ആംഗ്ലോ ഇന്ത്യൻ സമുദായത്തിന് കുമാരപിള്ള കമ്മീഷൻ റിപ്പോർട്ടു ചെയ്ത പ്രകാരം സംവരണാനുകൂല്യം ലഭിക്കുന്നില്ല. ഇത് പരിഗണിച്ച് ആംഗ്ലോ ഇന്ത്യൻ സമുദായത്തിന് തൊഴിൽ ലഭിക്കാനാവശ്യമായ സംവരണം ഉൾപ്പെടുത്തണമെന്നാണ് ഇതുമായി ബന്ധപ്പെട്ട് എനിക്ക് പറയുവാനുള്ളത്. വളരെ ദുർബലരായ ബഹുഭൂരിപക്ഷം വരുന്നതും പട്ടിണിക്കാരായിട്ടുള്ള, കൈത്തൊഴിൽ എടുത്തു പോലും ജീവിക്കാൻ കഴിയാത്ത ദുർബല ജനവിഭാഗമാണ് ഈ ആംഗ്ലോ ഇന്ത്യൻ സമുദായത്തിൽപ്പെട്ടവർ. അതുകൊണ്ട് അവരുടെ പ്രശ്നം ആ നിലയ്ക്ക് ഗവൺമെന്റ് കൈകാര്യം ചെയ്യണമെന്നാണ് എനിക്ക് പറയുവാനുള്ളത്. ഈ ആവശ്യങ്ങളുന്നയിച്ചുകൊണ്ട് ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ വർഷം മേയ് മാസത്തിൽ ചീഫ് സെക്രട്ടറിയും മറ്റു വിവിധ വകുപ്പുകളുടെ തലവൻമാരും ചേർന്ന് ഒരു കോൺഫറൻസ് വിളിച്ചിരുന്നു. ആ കോൺഫറൻസിൽ ഈ കാര്യങ്ങളൊക്കെ ചർച്ച ചെയ്തെങ്കിലും ഇതുവരെ അത് സംബന്ധിച്ച് യാതൊരു തീരുമാനവുമെടുത്തിട്ടില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുൻകൈ എടുത്തുകൊണ്ട് ഈ ദുർബല ജനവിഭാഗത്തിന് അടിയന്തിരാശ്വാസം നൽകാനുള്ള നടപടിയുണ്ടാകണമെന്ന് ഞാനഭ്യർത്ഥിക്കുകയാണ്.

(അദ്ധ്യക്ഷവേദിയിൽ മി.സ്പീക്കർ)

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സ്പീക്കർ സർ, നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം ആംഗ്ലോ ഇന്ത്യൻ സമുദായത്തിന് പ്രത്യേക സംവരണ

LIBRARY ARCHIVES Kerala Legislative Assembly

(സ്പെഷ്യൽ റിസർവേഷൻ) ത്തിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന സീറ്റുകളാണ് പ്രൊഫഷണൽ കോഴ്സുകൾക്ക് സംവരണം ചെയ്തിട്ടുള്ളത്. ഇവ ആംഗ്ലോ ഇന്ത്യനും യഹൂദർക്കുമായി ഒന്നിടവിട്ട വർഷങ്ങളിൽ മാറി മാറി കിട്ടത്തക്കവിധമാണ് സംവരണം ചെയ്തിട്ടുള്ളത്. എഞ്ചിനീയറിംഗ് കോഴ്സുകൾ-1, എം.ബി.ബി.എസ്.-1, ബി.ഡി.എസ്.-1, ബി.ഫാം.-1, ബി.എസ്.സി. നഴ്സിംഗ് - 1, ബി.എസ്.സി./എം.എൽ.റ്റി. - 1. കുമാരപിള്ള കമ്മിഷൻ റിപ്പോർട്ടു പ്രകാരം ഇന്ത്യൻ സമുദായത്തിന് പ്രത്യേക സംവരണമൊന്നും വ്യവസ്ഥ ചെയ്തിട്ടില്ല. എങ്കിൽതന്നെയും വിദ്യാഭ്യാസാനുകൂല്യങ്ങൾക്കുള്ള ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തി ടി സമുദായത്തിൽ ഉൾപ്പെട്ടവർക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ പട്ടികജാതി വികസനവകുപ്പിൽനിന്നും നൽകിവരുന്നുണ്ട്. ആംഗ്ലോ ഇന്ത്യൻ സ്കൂളുകളിലായി ഏകദേശം 13,000 വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. ആംഗ്ലോ ഇന്ത്യൻ വിഭാഗത്തിലെ എല്ലാ വിദ്യാർത്ഥി-വിദ്യാർത്ഥിനികൾക്കും പ്രതിവർഷം 75 രൂപാ വീതം സ്കോളർഷിപ്പ് നൽകി വരുന്നുണ്ട്. സ്കോളർഷിപ്പിന്റെ അർഹതയ്ക്ക് നിശ്ചയിച്ചിരിക്കുന്ന വാർഷിക വരുമാന പദ്ധതി 18,000 രൂപയാണ്. ആംഗ്ലോ ഇന്ത്യൻ സ്കോളർഷിപ്പ് നൽകുന്നതിന് മാത്രമായി ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. അതിനുപകരം മുസ്ലീം, നാടാർ, ആംഗ്ലോ ഇന്ത്യൻ സ്കോളർഷിപ്പ് എന്ന ഹെഡ്ഡിലാണ് തുക വകയിരുത്തിയിരിക്കുന്നത്. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി ആംഗ്ലോ ഇന്ത്യൻ വിദ്യാർത്ഥികൾക്കും മറ്റുള്ളവർക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് സ്കോളർഷിപ്പ് വിതരണം ചെയ്തുവരുന്നത്. ഓരോന്നിലും അനുവദിച്ച തുക താഴെ കൊടുക്കുന്നു.

പ്രൈമറി : വില്ലേജ്/പഞ്ചായത്ത് - 0.25 ലക്ഷം രൂപ, ഡിസ്ട്രിക്ട് - 70 ലക്ഷം രൂപ, മുനിസിപ്പാലിറ്റി - 12 ലക്ഷം രൂപ, കോർപ്പറേഷൻ - 8 ലക്ഷം രൂപ.

സെക്കന്ററി : ഡിസ്ട്രിക്ട് - 75 ലക്ഷം രൂപ, മുനിസിപ്പാലിറ്റി 10.00 ലക്ഷം രൂപ, കോർപ്പറേഷൻ - 5 ലക്ഷം രൂപ. ആംഗ്ലോ ഇന്ത്യൻ വിദ്യാഭ്യാസ ബോർഡ് സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിന് പ്രൊപ്പോസൽ സമർപ്പിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എല്ലാ സ്കൂളുകളും ഹൈസ്കൂൾ ആകയാൽ ഏത് വിധിത്തിലുള്ള അപ്ഗ്രഡേഷനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമല്ല. ആംഗ്ലോ ഇന്ത്യൻ സമുദായത്തിന്റെ സാമൂഹികവും തൊഴിൽപരവുമായ പിന്നോക്കാവസ്ഥ സംബന്ധിച്ച് പട്ടികജാതി വകുപ്പു പ്രത്യേക പഠനമൊന്നും നടത്തിയിട്ടില്ല. ആംഗ്ലോ ഇന്ത്യൻ സമുദായത്തിന്റെ തൊഴിൽപരവും സാമൂഹ്യവുമായ പിന്നോക്കാവസ്ഥ പരിഹരിക്കണമെന്നതടക്കമുള്ള ഒരു നിവേദനം 6.6.1998-ൽ എനിക്ക് ലഭിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 6.6.1998-ൽ തന്നെ ചീഫ് സെക്രട്ടറി ആംഗ്ലോ ഇന്ത്യൻ അസോസിയേഷൻ പ്രതിനിധികളുമായി വിശദമായ ചർച്ച നടത്തുകയും ചർച്ചയിൽ ഗവൺമെന്റ് ഭാഗത്തുനിന്ന് സോഷ്യൽ വെൽഫെയർ സെക്രട്ടറി, ലോക്കൽ അഡ്മിനിസ്ട്രേഷൻ സെക്രട്ടറി, പൊതു വിദ്യാഭ്യാസ സെക്രട്ടറി, റവന്യൂ സെക്രട്ടറി, പൊതുഭരണവകുപ്പ് സെക്രട്ടറി എന്നിവരും സംബന്ധിച്ചിരുന്നു. സംവരണം സംബന്ധിച്ച കാര്യങ്ങളിൽ നിലവിലുള്ള സംവരണ ശതമാനം കൂടാതെ തന്നെ ആംഗ്ലോ ഇന്ത്യൻ സമുദായത്തെക്കൂടി എങ്ങനെ ഉൾപ്പെടുത്താമെന്നകാര്യം വിശദമായി പരിശോധിക്കേണ്ടതാണ്. മാത്രമല്ല ഇതിന് നയപരമായ ഒരു തീരുമാനവും എടുക്കേണ്ടതായിട്ടുണ്ട്. അത് ആവശ്യവുമാണ്. സംസ്ഥാനത്തെ ആംഗ്ലോ ഇന്ത്യൻ സമുദായത്തിൽപ്പെടുന്നവർ നേരിടുന്ന തൊഴിൽപരവും സാമൂഹ്യവുമായ

LIBRARY ARCHIVES Kerala Legislative Assembly

പിന്നോക്കാവസ്ഥ അടക്കമുള്ള പ്രശ്നങ്ങളോട് അനുഭാവപൂർവ്വമായ സമീപന മാണ് സർക്കാരിനുള്ളത്. അവ സജീവമായി പരിശോധിച്ച് പരിഹാരം കാണാ നുള്ള ശ്രമത്തിലാണ്. നടപടി സ്വീകരിക്കുന്നതുമാണ്.

ശ്രീ. ജോൺ ഫെർണാണ്ടസ് : ആംഗ്ലോ ഇന്ത്യൻ എഡ്യൂക്കേഷൻ ബോർഡ് മൊത്തം നടത്തുന്ന 11 സ്കൂളുകളിൽ ഒരു സ്കൂളാണ് ഹൈസ്കൂ ളായിട്ടുള്ളത്. രണ്ട് യു.പി. സ്കൂളുകളും ബാക്കി സ്കൂളുകൾ എൽ.പി. സ്കൂളുകളുമാണ്. ഇതിൽ യു.പി. സ്കൂൾ ഹൈസ്കൂളാക്കണമെന്നും രണ്ടോ അല്ലെങ്കിൽ മൂന്നോ എൽ.പി. സ്കൂളുകൾ യു.പി. സ്കൂളുകളാക്കി ഉയർത്തണ മെന്നുള്ള നിവേദനം ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രിയടക്കം നൽകിയിട്ടു ണ്ട്. എന്നാൽ നയപരമായ തീരുമാനമാണെടുക്കേണ്ടത് എന്നുള്ളതുകൊണ്ട് ആ നിലയ്ക്ക് സാധ്യമല്ല എന്ന മറുപടിയാണ് ഗവൺമെന്റിൽനിന്നും ലഭിച്ചത്. ഈ കാര്യം അപേക്ഷയുടെ അടിസ്ഥാനത്തിൽ പുനഃപരിശോധിച്ച് സ്കൂളു കൾ അപ്ഗ്രേഡ് ചെയ്യണമെന്നും ഇപ്പോൾ യഹൂദ സമുദായത്തിനും ആംഗ്ലോ ഇന്ത്യൻ സമുദായത്തിനും ഒന്നിടവിട്ട വർഷങ്ങളിൽ കൊടുക്കണമെന്നുള്ള എം.ബി.ബി.എസ്. സീറ്റിന്റെ തീരുമാനം പുനഃപരിശോധിച്ച് ആംഗ്ലോ ഇന്ത്യൻ സമുദായത്തിന് എല്ലാ വർഷവും കൊടുക്കുകയും യഹൂദ സമുദായത്തിന് അപേക്ഷകരുള്ള സന്ദർഭത്തിൽ അതൊരു പ്രത്യേക ഉത്തരവുമൂലം അവർക്ക് കൊടുക്കാവുന്നതാണ്. ആ നിലയിൽ ആ ഗവൺമെന്റ് ഉത്തരവ് തിരുത്തണ മെന്നുമാണ് എനിക്ക് പറയുവാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : അത് നയപരമായ ഒരു പ്രശ്ന മാണ്. എം.ബി.ബി.എസ്. - ന് ഒരു സീറ്റാണ്. അത് മാറ്റി പ്രത്യേക ഓർഡർ വേണമെന്നാണ് ബഹുമാനപ്പെട്ട മെമ്പർ പറയുന്നത്. ഇത് രണ്ടും നയപരമായ പ്രശ്നമാണ്. മറ്റൊന്ന്, എല്ലാ സ്കൂളുകളും ഹൈസ്കൂളുകളാക്കണമെന്നാണ്. അതും പരിശോധിച്ച് വേണ്ട നടപടി സ്വീകരിക്കാം.

III സബ്മിഷൻ

1. പൊതുമേഖലാ സ്ഥാപനങ്ങളിലെ ഓഹരികൾ സ്വകാര്യമേഖലയ്ക്ക് കൈമാറാനുള്ള കേന്ദ്ര ഗവൺമെന്റിന്റെ തീരുമാനം

ശ്രീ. എ. കണാരൻ : സർ, കേന്ദ്ര കാവൽമന്ത്രിസഭ പാലിക്കേണ്ട അടി സ്ഥാന തത്വങ്ങൾപോലും ലംഘിച്ച് പുതിയ സ്വകാര്യവൽക്കരണ തീരുമാന ങ്ങൾ കൈക്കൊണ്ട കേന്ദ്ര സർക്കാരിനെതിരെ ദേശവ്യാപകമായി ഇന്ന്, ജൂലൈ 16-ാം തീയതി നടക്കുന്ന പ്രതിഷേധ ദിനം കേരളത്തിലും ആചരിക്കു കയാണ്. സുപ്രധാനമായ പൊതുമേഖലാസ്ഥാപനങ്ങളിലെ 10,000 കോടി രൂപ യുടെ ഓഹരികൾ വിൽക്കാനും ടെലികോം നയം മാറ്റാനും, എഫ്.എം. റേഡിയോ സ്വകാര്യവൽക്കരിക്കാനുമുള്ള കേന്ദ്ര കാവൽമന്ത്രിസഭയുടെ തീരു മാനങ്ങൾ അത്യന്തം പ്രതിഷേധാർഹമാണ്, രാജ്യദ്രോഹപരമാണ്. ടെലികോം കമ്പനികൾ ഇനി ലൈസൻസ് ഫീസിനുപകരം വരുമാനത്തിന്റെ പങ്ക് നൽകി യാൽ മതിയെന്ന് കേന്ദ്ര ഗവൺമെന്റ് തീരുമാനിച്ചിരിക്കുകയാണ്. ടെലികോം നയം പാർലമെന്റിന്റെ അംഗീകാരത്തിനുവേണ്ടി വച്ചതാണ്. പാർലമെന്റിന്റെ അംഗീകാരമില്ലാതെയാണ് ടെലികോം നയത്തിന് മാറ്റം വരുത്തുന്നത്. ഇത് നിയമപരമല്ല. ഇത് തികച്ചും ഭരണഘടനാവിരുദ്ധമാണ്. ടാറ്റ, റിലയൻസ്, തുട

LIBRARY ARCHIVES Kerala Legislative Assembly